നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ഓഡിറ്റ് റിപ്പോർട്ട്

147 (1203) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-നെ സംബന്ധിച്ച 2012, 2013 എന്നീ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിൽ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചിരുന്നോ ;

(ബി) 16-9-2014-ലെ എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ നിർമ്മാണ പ്രവർത്തികൾക്കുള്ള ക്രമവിരുദ്ധ പേമെന്റിനെ സംബന്ധിച്ച് സർക്കാർ പ്രതിനിധി സ്വീകരിച്ച നിലപാട് സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് അനുസൃതമായിരുന്നോ ; ഇതു സംബന്ധിച്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(സി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ നിരീക്ഷണം അവഗണിച്ച് യൂണിവേഴ്സിറ്റി ഏതെങ്കിലും പേയ്മെന്റ് നടത്തിയിട്ടുണ്ടോ ;

(ഡി) 2013-2014-ൽ പ്ലാൻ ഫണ്ട് ഏത് വിധത്തിലാണ് ചെലവിട്ടിട്ടുള്ളത്, പ്ലാൻ ഫണ്ടിന് അനുവദിച്ചിട്ടുള്ള ഹെഡിൽ നിന്നും ഏതെങ്കിലും തുക വിനിയോഗിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല. ഏതാനും നടപടിപ്പിശകുകൾ (Procedure irregularities) ചൂണ്ടിക്കാണിച്ചിരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) 16-9-2014-ലെ എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ ഓഡിറ്റ് കമ്മിറ്റി ഐകകണ്ഠ്യേന നൽകിയ ശിപാർശകൾ സർക്കാർ പ്രതിനിധി ഉൾപ്പെടെയുള്ള അംഗങ്ങൾ ഭൂരിപക്ഷ തീരുമാനപ്രകാരം അംഗീകരിക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) 2013-14 സാമ്പത്തികവർഷത്തിൽ പ്ലാൻ ഫണ്ട് താഴെക്കാണിച്ചിരിക്കുന്ന പ്രകാരം വിനിയോഗിച്ചിട്ടുണ്ട്.

(i) സെന്റേഴ്സ് ഫോർ സ്റ്റഡി ആന്റ് റിസർച്ച് - 10,12,921 രൂപ.

(ii) ഡവലപ്മെന്റ് ഓഫ് ലൈബ്രറി ഫെസിലിറ്റീസ് - 29,80,988 രൂപ.

LIBRARY ARCHIVES Kerala Legislative Assembly